DHS/10604/2023-EG4

462676/2023/CRU DHS

I/129270/2023

## തിരുവനന്തപുരം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടറുടെ (പൊതുജനാരോഗ്യം) നടപടിക്രമം

വിഷയം:- ആ.വ.ഡ. – ജീവനക്കാര്യം - ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I തസ്തികയിൽ നിന്നും ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിലേക്ക് താൽക്കാലിക സ്ഥാനക്കയറ്റം അനുവദിച്ച ജീവനക്കാരുടെ സേവനം ക്രമീകരിച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- (1). സർക്കാർ കത്ത് നമ്പർ സി 2/229/2023/ആ.കു.വ. തീയതി. 07.11.2023.

(2).സർക്കാർ ഉത്തരവ് നമ്പർ 2797/2018/ആ.കു.വ. തീയതി. 12.09.2018.

(3). ഉത്തരവ് നമ്പർ ഇ.എസ്.2/47321/2000/ആ.വ.ഡ. തീയതി. 05.01.2008

(4). ഉത്തരവ് നമ്പർ ഇ.എസ്.1 /14462/2015/ആ.വ.ഡ. തീയതി. 08.11.2018

(5). ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (പൊതു ജനാരോഗ്യം) -ടെ 29.09.2018, 13.11.2018, 07.01.2019, 12.07.2019, 22.10.2019, 31.12.2019, 05.02.2020, 20.02.2020, 20.05.2020, 17.06.2020, 08.03.2021, 06.07.2021, 03.08.2021, 26.10.2021, 29.07.2022, 14.09.2022, 28.12.2022 എന്നീ തീയതികളിലെ ഉത്തരവ് നം. ഇ.ജി4-41950/2016/ആ.വ.ഡ.

**ഉത്തരവ് നം. ഇ.ജി4-10604/2023/ആ.വ.ഡ. തീയതി 28-12-2023**

01.01.1997 മുതൽ 31.03.2000 വരെയുള്ള കാലയളവിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചതും പരാമർശം (3), (4) സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെട്ടതുമായ ജീവനക്കാരുടെ സീനിയോറിറ്റിയുമായി ബന്ധപ്പെട്ട തർക്കം ബഹു:സുപ്രീം കോടതിയുടെ പരിഗണനയിലായതിനാൽ പരമാർശം ( 4 ) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാമർശം (5) -ലെ ഉത്തരവുകൾ പ്രകാരം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I തസ്തികയിൽ നിന്നും ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിലേക്ക് താൽക്കാലിക സ്ഥാനക്കയറ്റം അനുവദിച്ചിരുന്നു. താൽക്കാലിക സ്ഥാനക്കയറ്റം അനുവദിച്ചതിനാൽ പ്രസ്തുത ജീവനക്കാരുടെ സേവനം ക്രമീകരിക്കുകയോ പ്രൊബേഷൻ ഡിക്ലയർ ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുകയോ ചെയ്തിട്ടില്ല.

ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിലെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാത്തതിനാൽ മേൽ ജീവനക്കാർക്ക് തൊട്ടടുത്ത സൂപ്പർ വൈസറി തസ്തികയായ ഹെൽത്ത് സൂപ്പർ വൈസർ-ലേക്ക് സ്ഥാനക്കയറ്റം അനുവദിക്കാൻ സാധിച്ചിരുന്നില്ല. മേൽ വിഷയങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് ***നിലവിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിൽ താൽക്കാലിക സ്ഥാനക്കയറ്റം ലഭിച്ചവർക്ക് SLP (C) No.12363/2018 കേസിലെ ബഹു:സുപ്രീം കോടതിയുടെ അന്തിമ വിധിക്കു വിധേയമായിരിക്കും എന്ന വ്യവസ്ഥയോടെ*** ടി യാളുകളുടെ താൽക്കാലിക പ്രൊമോഷൻ ക്രമീകരിക്കുന്നതിനും ടി യാളുകൾക്ക് മേൽപ്പറഞ്ഞ വ്യവസ്ഥയോടെ അടുത്ത സൂപ്പർ വൈസറി തസ്തികയായ ഹെൽത്ത് സൂപ്പർ വൈസർ

462676/2023/CRU DHS

I/129270/2023

തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിനും, എന്നാൽ സീനിയോറിറ്റിയുമായി ബന്ധപ്പെട്ട് ***ബഹു:സുപ്രീം കോടതിയോ ബഹു: ഹൈക്കോടതിയോ അന്തിമ വിധി ന്യായം പുറപ്പെടുവിക്കുമ്പോൾ അതിനനുസൃതമായി പ്രസ്തുത സ്ഥാനക്കയറ്റങ്ങൾ പുനഃ ക്രമീകരിക്കേണ്ടതാണെന്നുമുള്ള വ്യവസ്ഥയോടെ സ്ഥാനക്കയറ്റം അനുവദിക്കുന്നതിനും*** പരാമർ ശം ( 1 ) പ്രകാരം സർക്കാർ നിർദേശം നൽകിയിരിക്കുന്നു.

മേൽ സാഹചര്യത്തിൽ 01.01.1997 മുതൽ 31.03.2000 വരെയുള്ള കാലയളവിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചതും പരാമർശം (3), (4) സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെട്ടതും പരാമർശം (5)-ലെ ഉത്തരവുകൾ പ്രകാരം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്- I തസ്തികയിൽ നിന്നും ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിലക്ക് താൽക്കാലിക സ്ഥാനക്കയറ്റം അനുവദിച്ചിട്ടുള്ളതുമായ ജീവനക്കാർക്ക് **ബഹു:സുപ്രീം കോടതിയിൽ നിലനിൽക്കുന്ന SLP (C) No.12363/2018 കേസിലെ അന്തിമ വിധിക്കു വിധേയമായി, താൽക്കാലിക സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ച തീയതി പ്രാബല്യത്തിൽ സേവനം ക്രമീകരിച്ച് ഉത്തരവാകുന്നു.**

Signed by
Dr. Reetha. K.p
Date: 28-12-2023 19:04:25

**അഡീഷണൽ ഡയറക്ടർ (പൊതുജനാരോഗ്യം)**

സ്വീകർത്താവ്: ബന്ധപ്പെട്ട ജീവനക്കാർ (സ്ഥാപന മേധാവികൾ മുഖേന)

പകർപ്പ് :

1. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റ്

2. ജില്ലാ മെഡിക്കൽ ഓഫീസർമാർ

3 . ബന്ധപ്പെട്ട സ്ഥാപന മേധാവികൾ (ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന)

3. ഫയൽ / കരുതൽ ഫയൽ